**പതിമൂന്നാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത**

**ചോദ്യം നമ്പർ: 1208** — **30.09.2011 ലെ മറുപടിക്ക്**

**വിലക്കയറ്റം നിയന്ത്രിക്കൽ**

| **ചോദ്യം** | | **മറുപടി** | |
|---|---|---|---|
| | **ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി** | | **ശ്രീ. സി.എൻ. ബാലകൃഷ്ണൻ (സഹകരണ വകുപ്പ് മന്ത്രി)** |
| എ) | വിലക്കയറ്റം നിയന്ത്രിക്കുന്നതിന് സഹകരണ സംഘങ്ങൾ വഴി എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ കഴിഞ്ഞുവെന്നും പുതുതായി എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്നും അതിനായി സബ്സിഡി ഇനത്തിൽ ഈ സർക്കാരിന്റെ കാലത്ത് എത്ര തുക ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ; | എ) | സംസ്ഥാന സഹകരണ കൺസ്യൂമർ ഫെഡറേഷന്റെ 'ത്രിവേണി' വ്യാപാര ശൃംഖല വിപുലീകരിച്ച് അവയിലൂടെ ഗുണ നിലവാരമുള്ള എല്ലാവിധ നിത്യോപയോഗ സാധനങ്ങളും പൊതു വിപണിയേക്കാൾ വിലക്കുറവിൽ ലഭ്യമാക്കി ഗ്രാമീണ മേഖലക്ക് പ്രത്യേക ഊന്നൽ നൽകിയാണ് ഈ വിപുലീകരണ പ്രവർത്തനം നടത്തിയത്. ഗ്രാമീണ മേഖലയിൽ പ്രാഥമിക സഹകരണ സംഘങ്ങൾ നടത്തുന്ന കൂടുതൽ നീതിസ്റ്റോറുകൾ ആരംഭിച്ചു. എല്ലാ ഉത്സവകാലങ്ങളിലും വിലക്കയറ്റവും, ഭക്ഷ്യ ദൗർലഭ്യവും നേരിട്ട സന്ദർഭങ്ങളിലും സഹകരണ സംഘങ്ങളുടെ കൂട്ടായ്മയിലൂടെ ഈ പ്രശ്നത്തെ നേരിട്ട്, വിലക്കയറ്റം ഒരു പരിധി വരെ നിയന്ത്രിച്ചു. 2011-ലെ ഓണത്തോടനുബന്ധിച്ച് 5132 സഹകരണ വിപണന കേന്ദ്രങ്ങൾ നടത്തി. തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് എല്ലാ പഞ്ചായത്തുകളിലും ഓരോ മിനി ത്രിവേണി സ്റ്റോറുകൾ വീതവും തുടങ്ങുന്നതിനുള്ള പദ്ധതിയും പ്രാരംഭഘട്ടത്തിലാണ്. 10 ഇനം അവശ്യ നിത്യോപയോഗ സാധനങ്ങൾ പൊതു വിപണിയേക്കാൾ 20 ശതമാനം വിലക്കുറവിൽ ലഭ്യമാക്കുന്ന 'നന്മ' പദ്ധതിയും തുടക്കമിട്ടു. ടി പദ്ധതിയിൽ ഇതിനോടകം 1213 വിപണന കേന്ദ്രങ്ങൾ ആരംഭിച്ചു കഴിഞ്ഞിട്ടുണ്ട്.<br><br>ഈ സർക്കാരിന്റെ കാലത്ത് സബ്സിഡി ഇനത്തിൽ കൺസ്യൂമർ ഫെഡിന് തുക അനുവദിച്ചു നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| ബി) | ഇതിനായി പുതിയ സഹകരണ മാർക്കറ്റുകളും, മെഡിക്കൽ ഷോപ്പുകളും തുടങ്ങുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ? | ബി) | വിലക്കയറ്റം നിയന്ത്രിക്കുന്നതിനുദ്ദേശിച്ച് ചുവടെ പറയുന്ന പദ്ധതികൾ നടപ്പാക്കാൻ ഉദ്ദേശിക്കുന്നു.<br>1) കേരളത്തിലെ എല്ലാ പഞ്ചായത്തുകളിലും ഓരോ മിനിത്രിവേണി സ്റ്റോർ തുടങ്ങുക.<br>2) കൂടുതൽ നീതി മെഡിക്കൽ സ്റ്റോറുകൾ തുടങ്ങുക.<br>3) സംസ്ഥാനത്തെ എല്ലാ നിയോജക മണ്ഡലങ്ങളിലും ഒരു സഞ്ചരിക്കുന്ന ത്രിവേണി സ്റ്റോർ തുടങ്ങുക.<br>4) 6 ഒഴുകുന്ന ത്രിവേണി സ്റ്റോറുകൾ കൂടി ആരംഭിയ്ക്കുക.<br>5) നന്മ പദ്ധതി വ്യാപകമാക്കി ആവശ്യാനുസരണം വിപണന കേന്ദ്രങ്ങൾ സ്ഥാപിക്കുക.<br>6) എല്ലാ ജില്ലകളിലും നീതിമെഡിക്കൽ വെയർ ഹൗസുകൾ ആരംഭിയ്ക്കുക. |

**സെക്ഷൻ ഓഫീസർ**